പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 987 03/12/2014-ലെ മറുപടിക്ക്

## പട്ടികജാതി കോളനി നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി കോളനികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്; 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളിൽ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | കോളനികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നത്? | (ബി) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. കോളനിക്കകത്തുള്ള റോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം,വൈദ്യുതീകരണം, കുടിവെള്ളം,സാനിറ്റേഷൻ, ബയോഗ്യാസ് പ്ലാന്റ്, ഓടനിർമ്മാണം, മാലിന്യ നിർമ്മാർജന പദ്ധതികൾ തുടങ്ങിയവ കോളനികളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ